## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3271 | 3.04.2013 ൽ മറുപടിയ്ക്ക് |
|---|---|
| **നാടോടികൾക്ക് ഷെൽറ്ററുകൾ നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്** | |
| ചോദ്യം | ഉത്തരം |
| ശ്രീമതി കെ. എസ്. സലീഖ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) തിരൂരിൽ മൂന്നു വയസ്സുള്ള നാടോടിക്കുട്ടിയെ പീഡിപ്പിച്ച പശ്ചാത്തലത്തിൽ നാടോടികൾക്ക് തങ്ങാനായി സൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ എപ്രകാരമുള്ള നടപടികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ; | (ബി) തല ചായ്ക്കാൻ സ്വന്തമായി ഒരിടമില്ലാതെ കുട്ടികളുമായി കടവരാന്തയിലും മറ്റും അന്തിയുറങ്ങേണ്ടി വരുന്ന നാടോടി സ്ത്രീകളെയും കുട്ടികളെയും സാമൂഹ്യദ്രോഹികളിൽ നിന്നും സംരക്ഷിക്കുന്നതിനായി 'എന്റെ കൂട്' എന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് വഴി എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ തുടക്കമെന്നോണം ആദ്യത്തെ 'എന്റെ കൂട്' പദ്ധതി കോഴിക്കോട് നടപ്പിലാക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. |
| (സി) നിലവിലുള്ള വൃദ്ധസദനങ്ങളും മറ്റും പോലെ ഔദ്യോഗിക നടപടിക്രമങ്ങൾ ഇവിടെ പാലിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ; | (സി) 'എന്റെ കൂട്' പദ്ധതിയിലൂടെയുള്ള ഷെൽട്ടറുകളിൽ നാടോടികൾക്ക് എപ്പോൾ വേണമെങ്കിലും വന്നു താമസിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. |
| (ഡി) നാടോടികളിൽ മിക്കവരും മാനസികാരോഗ്യപ്രശ്നങ്ങളുള്ളവരാണെന്ന് കരുതുന്നുണ്ടോ ; | (ഡി) നാടോടികളിൽ 10 ശതമാനത്തിൽ താഴെയാണ് മാനസികാരോഗ്യ പ്രശ്നമുള്ളവരായി കരുതുന്നത്. |

| | |
|---|---|
| (ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നാടോടികൾക്ക് തങ്ങാനായി ഷെൽറ്ററുകൾ നിർമ്മിച്ച് പോലീസ് നിരീക്ഷണം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ; | (ഇ) 'എന്റെ കൂട്' എന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ ഷെൽറ്ററുകളിൽ സി.സി ടി.വിയിലൂടെ പോലീസിന്റെ നിരീക്ഷണം ഉണ്ടായിരിക്കുന്നതുമാണ്. |
| (എഫ്) എത്ര നാടോടികൾ സംസ്ഥാനത്ത് ഇപ്പോൾ തങ്ങുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്? | (എഫ്) നാടോടികളുടെ കണക്ക് സാമൂഹ്യനീതി വകുപ്പ് ഔദ്യോഗികമായി ശേഖരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**